പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6440 08.07.2014-ൽ മറുപടിക്ക്

കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എത്ര സർവ്വീസുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും പുതുതായി സർവ്വീസുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പാണത്തൂർ - കോട്ടയം റൂട്ടിൽ നടത്തിയിരുന്ന ഒരു സ്വകാര്യ ബസ് പെർമിറ്റ് പുതുക്കി നൽകാതെ നിന്നുപോയതിന് പകരമായി കെ.എസ്.ആർ.ടി.സി കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും 14.50 മണി പാണത്തൂർ - തളിപറമ്പ് - കോട്ടയം എന്ന ഒരു പുതിയ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി ആരംഭിക്കുന്ന സർവ്വീസുകൾക്കാവശ്യമായ ബസ്സുകൾ ഡിപ്പോയിൽ നിലവിലുണ്ടോ എന്ന് പറയാമോ; | | |
| (സി) | കാഞ്ഞങ്ങാട് ഡിപ്പോയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ എത്ര ബസ്സുകൾ എപ്പോൾ അനുവദിക്കും എന്ന് വിശദമാക്കാമോ? | (സി) | കാഞ്ഞങ്ങാട് ഡിപ്പോയിൽ 58 വെഹിക്കിൾ ഷെഡ്യൂളുകൾ ഓടിക്കുന്നതിന് സ്പെയർ ബസ് ഉൾപ്പടെ 64 ബസ്സുകൾ മതിയാകും. നിലവിൽ 67 ബസ്സുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ